ഇപ്പോൾ അവിടെ 18 ഷെഡ്യൂളുകളാണുള്ളത്. അതായത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഷെഡ്യൂളുകൾ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. നിലവിലുള്ള 18 ഷെഡ്യൂളുകളുടെ നടത്തിപ്പിനായി 21 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ ചില ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി മാറ്റിയിടേണ്ടിവരുന്നു. തൻമൂലവും അപ്രതീക്ഷിതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലവും ചില ദിവസങ്ങളിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യാൻ കഴിയാറില്ല. ഇവിടെ അഞ്ച് മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ കുറവുണ്ട്. കുറവുള്ള മെക്കാനിക്കുകളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി താൽക്കാലികമായി നിയമിക്കാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇവിടുത്തെ വർക്ഷോപ്പിന്റെ മേൽനോട്ടം വഹിക്കുന്നതിന് കോട്ടയത്തെ അസിസ്റ്റന്റ് വർക്ക്സ് മാനേജരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർപ്പറേഷനിൽ ഇന്ന് അനുഭവപ്പെടുന്ന ബസ്സിന്റേയും ജീവനക്കാരുടേയും കുറവുമൂലം പുതിയ സർവ്വീസുകളൊന്നും അനുവദിക്കാൻ ഇപ്പോൾ കഴിയുകയില്ല. കൂടുതൽ പുതിയ വാഹനങ്ങൾ അനുവദിക്കുന്നതോടെ ഇവിടെയുള്ള പഴയ ബസ്സുകൾ പിൻവലിക്കുന്നതാണ്. ദേശസാൽക്കൃത മേഖലയിലേയും ഗ്രാമപ്രദേശങ്ങളിലേയും വരുമാനം കൂടുതൽ ലഭിക്കുന്ന മേഖലകളിലേയും സർവ്വീസുകൾക്ക് മുടക്കംവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കോട്ടയം-കുമിളി ദേശസാൽക്കൃത റൂട്ടിൽ ഘട്ടംഘട്ടമായി കൂടുതൽ ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഒന്നാംഘട്ടം നടപ്പിൽവരുത്തിക്കഴിഞ്ഞു. അടുത്ത ഘട്ടങ്ങൾ പൂർത്തിയാകുന്നതോടെ കൂടുതൽ സർവ്വീസുകൾ ഓടിക്കാൻ കെ. എസ്.ആർ.ടി.സി.ക്ക് കഴിയും. ഇതുമൂലം പൊൻകുന്നം മേഖലയിലെ യാത്രാദുരിതം ഒഴിവാക്കാനും കഴിയും. കോർപ്പറേഷനിൽ ഇന്ന് അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം പുതിയ നിർമ്മാണപ്രവർത്തനങ്ങൾ ഉടനടി ഏറ്റെടുക്കാൻ കഴിയുകയില്ല. പിന്നീട് അത് പരിഗണിക്കുന്നതാണ്.

(15) ആൾ കേരളാ ടെയിലേഴ്സ് അസോസിയേഷന്റെ സമരം

മി. സ്പീക്കർ : ഒരു വിഷയത്തെ സംബന്ധിച്ച് സബ്മിഷനുള്ള രണ്ട് നോട്ടീസുകൾ ചെയറിന് കിട്ടിയിട്ടുണ്ട്. ആൾ കേരളാ ടെയിലേഴ്സ് അസോസിയേഷൻ ഇന്ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തുന്ന സമരത്തെ സംബന്ധിച്ചുള്ളതാണ് അവ. ശ്രീ. എ. കണാരനും ശ്രീ. ആന്റണി രാജുവുമാണ് സബ്മിഷൻ തന്നിട്ടുള്ളത്. രണ്ടുപേരും സംഘടനയുടെ പേരിലാണ് എഴുതിത്തന്നിരിക്കുന്നത്. രണ്ടുപേർക്കും ഒരേ സബ്മിഷൻ അനുവദിക്കാൻ പറ്റുകയില്ല. തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കാൻ പറ്റുകയില്ല. ഒരാൾ നോട്ടീസ് പിൻവലിച്ചാൽ മറ്റേ ആൾക്ക് ഉന്നയിക്കാം.

ശ്രീ. ആന്റണി രാജു : സർ, ഞാൻ എഴുതിക്കൊടുത്തതാണ് തന്നിട്ടുള്ളത്.

മി. സ്പീക്കർ : ഇല്ല. രണ്ടും എഴുതിക്കൊടുത്തിട്ടുണ്ട്. ഇന്ന് നടക്കുന്ന സമരമാണ് വിഷയം. രണ്ട് നോട്ടീസും ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അയച്ചുകൊടുത്തിട്ടുണ്ട്. മന്ത്രി മറുപടി പറയട്ടെ. രണ്ടുപേരും സംഘടനയുടെ പേരിലാണ് തന്നത്.

ശ്രീ. കെ.എം. മാണി : സർ, ഇത് പ്രധാനപ്പെട്ട ഒരു വിഷയമല്ലേ? ഭരണകക്ഷിയിലെ രണ്ട് എം.എൽ.എ.മാർ ഇങ്ങനെ വഴക്കടിക്കുന്നത് ശരിയാണോ?

ശ്രീ. ആന്റണി രാജു : തയ്യൽത്തൊഴിലാളികൾ എല്ലാ മണ്ഡലങ്ങളിലുമുള്ളതാണ്. തയ്യൽത്തൊഴിലാളികളുടെ അസോസിയേഷന്റെ പ്രസിഡന്റ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സ്പീക്കറെക്കണ്ട് പറഞ്ഞത് ഞാൻ ഈ വിഷയത്തിൽ സബ്മിഷൻ അവതരിപ്പിക്കുന്നു എന്നാണ്. അതുകൊണ്ട് ഞാൻ ആദ്യം ഉന്നയിക്കാം. ഞാൻ എന്തെങ്കിലും പറയാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ ശ്രീ. കണാരൻ പറയട്ടെ.

V. റൂളിംഗ്

സബ്മിഷൻ ഉന്നയിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ : ആൾ കേരളാ ടെയിലേഴ്സ് അസോസിയേഷൻ ഇന്ന് സെക്രട്ടേറിയറ്റിനുമുന്നിൽ നടത്തുന്ന സമരത്തെക്കുറിച്ച് സബ്മിഷൻ ഉന്നയിക്കുന്നതിനായി രണ്ട് അംഗങ്ങൾ ചെയറിന് നോട്ടീസ് നൽകിയിട്ടുണ്ട്. ഇവ സംഘടനയുടെ പേരിലാണ് തന്നിരിക്കുന്നത്. നിയോജകമണ്ഡലമല്ല. ഓരോ സംഘടനയുമായി ബന്ധപ്പെട്ട ആളുകളാണ് ഇവ തന്നിരിക്കുന്നത്. ചെയറിന് കിട്ടിയ നോട്ടീസുകൾ ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്തിരുന്നു. ഇന്ന് നടക്കുന്ന സമരത്തിന്റെ ഡീറ്റെയിൽസെല്ലാം അതിലുണ്ട്. സംഘടനകളുടെ പേരിലാണല്ലോ സബ്മിഷൻ കൊണ്ടുവരുന്നത്. ഇനിമുതൽ സംഘടനകളുടെ പേരിൽ കൊണ്ടുവരുന്ന സബ്മിഷനുകൾ ഔദ്യോഗികമായി മുൻകൂട്ടി അറിയിച്ചാൽ മാത്രമേ അനുവദിക്കുകയുള്ളൂ; അല്ലെങ്കിൽ അനുവദിക്കുന്നതല്ല.

സബ്മിഷൻ (തുടർച്ച)

(ഒരേ വിഷയം സംബന്ധിച്ച് രണ്ട് അംഗങ്ങൾ നോട്ടീസ് നൽകിയിരുന്നതിനാൽ രണ്ടുപേരേയും സബ്മിഷൻ ഉന്നയിക്കാൻ അനുവദിച്ചില്ല)

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : സർ, എ.കെ.ടി.എ.യുടെ നേതൃത്വത്തിലാണ് ഇന്ന് സെക്രട്ടേറിയറ്റ് നടയിൽ സമരം നടത്തുന്നത്. അവരുടെ ആവശ്യങ്ങൾ ഉന്നയിച്ച് സെക്രട്ടേറിയറ്റ് നടയിൽ നടത്തുന്ന സമരത്തിന്റെ നോട്ടീസ് തൊഴിൽ വകുപ്പുമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും വിദ്യുച്ഛക്തി വകുപ്പുമന്ത്രിക്കും 24.6.99-ന് നൽകിയിരുന്നു. ഈ നോട്ടീസാണ് ശ്രീ. കണാരനും ശ്രീ. ആന്റണി രാജുവും ഇവിടെ സബ്മിഷനായിട്ട് തന്നിരിക്കുന്നത്. ഇതിനകത്ത് പ്രധാനമായി പറഞ്ഞിരിക്കുന്നത് കേരളാ തയ്യൽത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കാലാവധി കഴിഞ്ഞു, അത് പുനഃസംഘടിപ്പിക്കണമെന്നാണ്. അതിനാവശ്യമായ നടപടികളൊക്കെ സ്വീകരിച്ചുകഴിഞ്ഞു; അടിയന്തിരമായി പുനഃസംഘടിപ്പിക്കും. അതുപോലെ ഒട്ടേറെ ആവശ്യങ്ങൾ അതിൽ പറഞ്ഞിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗത്വം എടുക്കുന്നതിനെ സംബന്ധിച്ച് രണ്ടിൽക്കൂടുതൽ തയ്യൽ മെഷീൻവച്ച് തയ്യൽ നടത്തുന്നവർക്ക് മെമ്പർഷിപ്പ് കൊടുക്കുന്നതിനെ സംബന്ധിച്ചും സ്ഥിരം ജീവനക്കാരെ നിയമിക്കണമെന്നുള്ളതിനെ സംബന്ധിച്ചുമൊക്കെ അതിൽ പറഞ്ഞിട്ടുണ്ട്. ഈ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്ന ആവശ്യങ്ങളിന്മേൽ യഥാസമയം നടപടി സ്വീകരിക്കുന്നതായിരിക്കും. അല്ലാതെ ഈ ആവശ്യത്തെപ്പറ്റി പ്രത്യേകമായ ഒരു കമ്മിറ്റ്മെന്റ് നടത്താൻ നിവൃത്തിയില്ല.

മി. സ്പീക്കർ : ഇന്നലെ മാറ്റിവച്ച ശ്രീ. എ. കണാരന്റെ സബ്മിഷൻ ഇന്ന് എടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly